## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.176 — 16-06-2014-ൽ മറുപടിക്ക്

### വ്യാജവാറ്റും സ്പിരിറ്റ് കടത്തും തടയാൻ നടപടി

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീമതി കെ. എസ്. സലീഖ:<br>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ):<br>" കെ. കെ. നാരായണൻ:<br>" സി. കെ. സദാശിവൻ: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് പലയിടങ്ങളിലും വ്യാജവാറ്റ് സജീവമായിരിക്കുന്നതും സ്പിരിറ്റിന്റെ ഒഴുക്ക് വർദ്ധിച്ചിരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) വ്യാജവാറ്റ്, സ്പിരിറ്റിന്റെ ഒഴുക്ക് എന്നിവയിൽ നേരിയ വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ നിയന്ത്രണ വിധേയമാണ്. |
| (ബി) ഇവ ഫലപ്രദമായി തടയാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) നിരവധി ബാറുകൾ അടഞ്ഞു കിടക്കുന്ന സാഹചര്യത്തിൽ വ്യാജവാറ്റ്, അനധികൃത മദ്യവില്പന, സ്പിരിറ്റ് കള്ളക്കടത്ത് എന്നിവ ഫലപ്രദമായി തടയുന്നതിനായി എക്സൈസ് വകുപ്പിന്റെ പ്രവർത്തനം "റെഡ് അലർട്ടായി" പ്രഖ്യാപിച്ച് നടപടി സ്വീകരിച്ചിട്ടുണ്ട്. എക്സൈസിന്റെ എല്ലാ എൻഫോഴ്സ്മെന്റ്/ഇന്റലിജൻസ് ഏജൻസികൾക്കും സ്വീകരിക്കേണ്ട മുൻകരുതലുകൾ വിശദമാക്കി കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.പൊതുജനങ്ങളിൽ നിന്നും വിവരം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനുമായി എക്സൈസ് കമ്മീഷണറേറ്റിലും, ജില്ലാ, താലൂക്ക് തലങ്ങളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ ആരംഭിക്കുകയും, അതിർത്തി പ്രദേശങ്ങളിൽ രാത്രികാല പട്രോളിംഗ് ശക്തിപ്പെടുത്തിയിട്ടുമുണ്ട്. ചെക്ക്പോസ്റ്റുകൾ ശക്തിപ്പെടുത്തി, അതുവഴി കടന്നുവരുന്ന വാഹനങ്ങൾ കൃത്യമായി പരിശോധന നടത്തുന്നുണ്ട്. കൂടാതെ ദേശീയ പാതകളിലും അതിർത്തി പ്രദേശങ്ങളിലെ റോഡുകളിലും കർശന വാഹന പരിശോധന നടത്തുന്നുണ്ട്. സ്പിരിറ്റ് കള്ളക്കടത്തും വ്യാജമദ്യവും തടയാൻ നിലവിലുള്ള സംവിധാനങ്ങൾ ശക്തമാണ്. |

| | | | |
|---|---|---|---|
| (സി) | കേരള-തമിഴ്നാട് അതിർത്തിയിലെ പതിവ് ചെക്ക് പോസ്റ്റുകൾ മറികടന്ന് പുതിയ വഴികളിലൂടെയും നൂതന മാർഗ്ഗങ്ങളിലൂടെയുമുള്ള സ്പിരിറ്റ് കടത്ത് നിരീക്ഷിക്കാനും തടയാനും നടപടി സ്വീകരിക്കാമോ; | (സി) | സ്പിരിറ്റുൾപ്പെടെയുള്ള വ്യാജങ്ങൾ സംസ്ഥാനത്തിനു പുറത്തു നിന്നും കടത്തിക്കൊണ്ടുവരാനുള്ള സാധ്യത മുന്നിൽ കണ്ട് എല്ലാ ചെക്ക് പോസ്റ്റുകളിലും അതിർത്തി പ്രദേശങ്ങളിലെ റോഡുകളിലും വാഹന പരിശോധന ശക്തിപ്പെടുത്തിയിട്ടുണ്ട്. അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹന പരിശോധന നടത്തുന്നുണ്ട്. എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും എക്സൈസ് ഇന്റലിജൻസ് വിഭാഗവും അതിർത്തി പ്രദേശത്ത് പ്രത്യേക പരിശോധനകൾ നടത്തി വരുന്നുണ്ട്. ചെക്ക്പോസ്റ്റുകൾ മറികടന്ന് പുതിയ വഴിയിലൂടെ സ്പിരിറ്റ് കള്ളക്കടത്ത് നടത്തുവാൻ സാധ്യതയുള്ള റോഡുകളിലും വാഹന പരിശോധന കർശനമാക്കിയിട്ടുണ്ട്. ദേശീയ പാതകളിലും വാഹന പരിശോധന നടത്തി വരുന്നു. കൂടാതെ പൊതുജനങ്ങളിൽ നിന്നും വിവരം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനുമായി എക്സൈസ് കമ്മീഷണറേറ്റിലും, ജില്ലാ, താലൂക്ക് തലങ്ങളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പോലീസ് വകുപ്പും അവരുടേതായ വാഹന പരിശോധനയും, രഹസ്യാന്വേഷണ വിഭാഗം വിവരശേഖരണവും നടത്തുകയും ചെയ്യുന്നുണ്ട്. |
| (ഡി) | സ്പിരിറ്റ് മാഫിയ സജീവമായിട്ടും എക്സൈസ് വകുപ്പ് ഉണർന്ന് പ്രവർത്തിക്കാതിരിക്കുന്നത് പരസ്പര ധാരണകളാലാണെന്ന ആക്ഷേപം കണക്കിലെടുത്തിട്ടുണ്ടോ ? | (ഡി) | ഇത് വാസ്തവ വിരുദ്ധമാണ്. |

സെക്ഷൻ ആഫീസർ